

## സെന്റ് ജോസഫ്സ് അഡോറേഷൻ കോൺവെന്റ് കുണിഞ്ഞി

സ്ഥാപനം : 1960

നാലു വശങ്ങളും ഹരിതാഭമായ മലകളാൽ ചുറ്റപ്പെട്ട ഒരു ചെറു ഗ്രാമമാണ് കുണിഞ്ഞി. പ്രൊവിൻസ് രൂപം കൊണ്ടിട്ട് കേവലം 3 മാസത്തിനകം ഈ മഠം സ്ഥാപിതമായി. ബ. വികാരിയച്ചന്റെയും ഇടവകജനത്തിന്റെയും ആഗ്രഹമനുസരിച്ചാണ് അവിടെ മഠം സ്ഥാപിക്കാൻ തീരുമാനിച്ചത്. ഇടവകക്കാരിൽ ഒരാൾ താൽക്കാലികമായി നല്കിയ ഭവനം വെഞ്ചരിച്ച് 1961-ൽ മഠം ആരംഭിച്ചു. പിന്നീട് സ്വന്തമായി സ്ഥലം വാങ്ങിപണിത കെട്ടിടത്തിലേയ്ക്ക് 1963-ൽ താമസം മാറ്റി. ആരംഭകാലം മുതൽ ഇടവകയുടെ സ്ക്കൂളിൽ ശുശ്രൂഷ ചെയ്തുവരുന്നു. കൂടാതെ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സിന്റെ സജീവസാന്നിധ്യവും സഹകരണവുമുണ്ട്.